

# പാട്ടെഴുത്ത്

രവിമേനോൻ

സ്വന്തം പേര് സിനിമാപോസ്റ്ററിൽ അച്ചടിച്ചുകണ്ട് ഞെട്ടിപ്പോയിട്ടുണ്ട് ജോൺസൺ– കാൽ നൂറ്റാണ്ടു മുൻപത്തെ കഥ. സിനിമയിലെ റീ റെക്കോഡിങ് തിരക്കുകളുമായി ചെന്നൈയിലാണ് അന്ന് ജോൺസൺ.

മൂന്നു നാലു പടങ്ങൾക്ക് ഗാനങ്ങൾ ഒരുക്കിയിരുന്നെങ്കിലും രംഗത്ത് ഉറച്ചുനിൽക്കണോ എന്ന് തീരുമാനിച്ചിട്ടില്ല. താമസിക്കുന്ന പാംഗ്രോവ് ഹോട്ടലിൽ നിന്ന് സ്റ്റുഡിയോയിലേക്കുള്ള പതിവുയാത്രയ്ക്കിടെ ഒരുനാൾ റോഡരികിലെ മതിലിൽ പതിച്ച സിൽക്ക് സ്മിതയുടെ മാദകത്വമാർന്ന പോസ്റ്റർ ജോൺസന്റെ കണ്ണിൽപ്പെടുന്നു. പടത്തിന്റെ പേര് സിൽക്ക് ബൈനൈറ്റ്. തെന്നിന്ത്യ മുഴുവൻ സിൽക്ക് ജ്വരം കത്തിപ്പടർന്നുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ അത്ഭുതമൊന്നും തോന്നിയില്ല. ഞെട്ടിപ്പോയത് പോസ്റ്ററിന്റെ താഴെ തമിഴിൽ അച്ചടിച്ചിരുന്ന പേരു കണ്ടപ്പോഴാണ്: 'മ്യൂസിക്– ജാൺസൺ'.

സ്വപ്നത്തിൽപ്പോലും അത്തരമൊരു പടത്തിന് താൻ സംഗീതം നൽകിയിട്ടില്ലെന്ന് ഉറപ്പായിരുന്നു

ഇത്തവണ ജോൺസന് സംഗതി പിടികിട്ടി. താൻ സ്വതന്ത്ര സംഗീതസംവിധായകനായി അരങ്ങേറ്റം കുറിച്ച 'ഇണയെത്തേടി' എന്ന മലയാള ചിത്രമാണ് ''സിൽക്ക്ബൈനൈറ്റ്'' ആയി വേഷം മാറി തമിഴ് ജനതയെ പുളകംകൊള്ളിക്കാൻ എത്തിയിരിക്കുന്നത്. ലോക ക്ലാസിക്കുകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് മഹത്തായ ചലച്ചിത്ര സങ്കല്പങ്ങളുമായി പടംപിടിക്കാനിറങ്ങിയ ഈസ്റ്റ്മാന്റെ കന്നിച്ചിത്രത്തിനു വന്നുപെട്ട 'ഗതികേടോർത്ത്' തലയ്ക്കു കൈവെച്ചുപോയി ജോൺസൺ. സിനിമയ്ക്ക് ഇങ്ങനെയും ഒരു മുഖമോ?

സിനിമാ ലോകത്തിന്റെ നെറികെട്ട വഴികളെക്കുറിച്ച് കൂടുതൽ അറിയാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ ജോൺസൺ. അറിഞ്ഞുവരുന്തോറും സി

# പിന്നെയും പാറുന്ന പാട്ടിന്റെ തുമ്പികൾ

ജോൺസന്. ജോലിയിലെ എത്തിക്സ് പണയപ്പെടുത്തിയുള്ള കളി അന്നും ഇന്നുമില്ല. പിന്നെ, ഇതാരാണീ പുതിയ 'ജാൺസൺ'?

മറ്റാരെങ്കിലുമാവുമെന്ന് സമാധാനിച്ച് നടന്നുനീങ്ങവെയാണ് പടത്തിന്റെ സംവിധായകന്റെ പേര് കണ്ണിൽപ്പെടുന്നത്; ആന്റണി ഈസ്റ്റ്മാൻ.

നിമയോട് സുരക്ഷിതമായ ഒരകലം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചു അദ്ദേഹം. എന്തുഫലം? അപ്പോഴേക്കും താൻ പോലുമറിയാതെ സിനിമയുടെ ഭാഗമായി ജോൺസൺ മാറിക്കഴിഞ്ഞിരിക്കുന്നു. ''സിനിമയുടെ ചിട്ടവട്ടങ്ങൾക്കൊത്ത് ജീവിച്ചുപോകാൻ വളരെയേറെ നീക്കുപോക്കുകൾ ആവശ്യമായിരുന്നു. സ്വന്തം മനസ്സാക്ഷിക്ക് വിരുദ്ധമായി പ്രവർത്തിച്ചു ശീലിച്ചിട്ടില്ലാത്ത എന്നേപ്പോലൊരാൾക്ക് പറ്റിയ മേഖലയല്ല ഇതെന്ന് മനസ്സിലാക്കിത്തുടങ്ങിയത് കുറച്ചുവൈകിയാണ്. തിരിച്ചു നാട്ടിൽച്ചെന്ന് മറ്റേതെങ്കിലും തൊഴിൽ ചെയ്തു ജീവിച്ചാലോ എന്നുവരെ ചിന്തിച്ചുപോയ ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. മാനസികവും ശാരീരികവുമായ സമ്മർദങ്ങൾ അത്രയും കടുത്തതായിരുന്നു...''

പക്ഷേ, ജോൺസൺ തിരിച്ചുപോയില്ല. മലയാള സിനിമയുടെ സുകൃതം. മൂന്നു പതിറ്റാണ്ടിനിടയ്ക്ക് ഈ തൃശ്ശൂർക്കാരൻ സ്വ



ജോൺസണും കൈതപ്രവും

ഷ്ടിച്ച ഈണങ്ങളെ ഒഴിച്ചുനിർത്തി നമ്മുടെ സിനിമാ ചരിത്രമെഴുതാൻ ആർക്കു കഴിയും? മുഖ്യധാരാ സിനിമ മാത്രമായിരുന്നില്ല ജോൺസൻെറ തട്ടകമെന്നു മോർക്കണം. സമാന്തര സിനിമയിലും 'ആർട്ട്' സിനിമയിലുമെല്ലാം ജോൺസൻെറ സജീവസാന്നിധ്യമുണ്ടായിരുന്നു. പശ്ചാത്തല സംഗീതത്തെക്കുറിച്ചുള്ള എത്രയെത്ര മിഥ്യാധാരണകളാണ് അദ്ദേഹം തിരുത്തിയെഴുതിയത്! രണ്ടുതവണ ദേശീയ അവാർഡ് ജോൺസനു നേടിക്കൊടുത്തതും പശ്ചാത്തല സംഗീത സംവിധാനത്തിലെ ഈ മികവുതന്നെ. 1978–ൽ പുറത്തിറങ്ങിയ 'ആരവം' എന്ന ചിത്രത്തിൽ തുടങ്ങുന്നു റീ റെക്കോഡിങ്ങിൽ ജോൺസൻെറ അശ്വമേധം. അതുകഴിഞ്ഞ് തകരയും ചാമരവും. ദേവരാജൻ, അർജുനൻ, എ.ടി.ഉമ്മർ എന്നിവരുടെ ഓർക്കസ്ട്ര അസിസ്റ്റൻറ് എന്ന റോളിലും തിരക്കായിരുന്നു അക്കാലത്ത് ജോൺസന്.

ആദ്യമായി സ്വതന്ത്ര സംഗീത സംവിധായകനാകുന്നത്, 1970–കളുടെ ഒടുവിൽ ചിത്രീകരിച്ച് 81–ൽ പുറത്തിറങ്ങിയ 'ഇണയെത്തേടി' യിലാണ്. ജോൺസൻെറ എന്നപോലെ സിൽക്ക്സ്മിതയുടെയും അരങ്ങേറ്റചിത്രമായിരുന്നു ഇണയെത്തേടി എന്നൊരു പ്രത്യേകതയുണ്ട്. വെട്ടിത്തിളങ്ങുന്ന ഗ്ലാമറിൻെറ പാതയിലൂടെയുള്ള സ്മിതയുടെ പ്രയാണം ചെന്നവസാനിച്ചത് അവരുടെ ദുരന്തമരണത്തിലാണ്. ജോൺസനാകട്ടെ, അനിവാര്യമായ മരണത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന മലയാള ചലച്ചിത്രസംഗീതത്തിന് മെലഡിയുടെ ഇന്ദ്രജാല സ്പർശത്താൽ പുതുജീവൻ പകർന്നു. സിനിമാഗാനങ്ങളിൽ കാവ്യാംശത്തിന് പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നു തെളിയിച്ചു.

## സ്മിതയോടൊപ്പം തുടക്കം

യാദൃച്ഛികമായാണ് 'ഇണയെത്തേടി'യിൽ എത്തിപ്പെടുന്നത്. കർപ്പകം സ്റ്റുഡിയോയിൽ ഒരുപടത്തിൻെറ റീറെക്കോഡിങ് തിരക്കുകൾക്കിടെ രണ്ടുപേർ ജോൺസനെ കാണാനെത്തുന്നു. അരവിന്ദേട്ടനാണ് ഒരാൾ– സിനിമക്കാർക്കെല്ലാം വേണ്ടപ്പെട്ട പ്രൊഡക്ഷൻ മാനേജർ. ഒപ്പമുള്ളയാളെ അരവിന്ദേട്ടൻ തന്നെ പരിചയപ്പെടുത്തി: ആൻറണി ഈസ്റ്റ്മാൻ; അറിയപ്പെടുന്ന സ്റ്റിൽ ഫോട്ടോഗ്രാഫർ.

ആൻറണി ഒരു ആർട്ട്പടം ചെയ്തുതീർത്തിട്ടുണ്ട്. അതിൽ പശ്ചാത്തലസംഗീതം ജോൺസൻെറ വകയായിരിക്കണം. ഒപ്പം ടൈറ്റിൽസോങ് ചിട്ടപ്പെടുത്തിത്തരുകയും വേണം– അതാണാവശ്യം. ആദ്യമായാണ് ഒരു ചലച്ചിത്രഗാനത്തിന് ഈണമിടാൻ ക്ഷണം ലഭിക്കുന്നത്.

പാട്ടെവിടെ എന്ന ചോദ്യത്തിന് മറുപടിയായി കീശയിൽ നിന്ന് ഒരു കടലാസെടുത്തു നീട്ടുകയാണ് അരവിന്ദേട്ടൻ ചെയ്തത്. ''ഞാൻ അതേപടി അതു വാങ്ങി എൻെറ പോക്കറ്റിലിടുകയും ചെയ്തു. വൈകിട്ട് റൂമിൽ ചെന്നശേഷമാണ് വരികൾ വായിച്ചു നോക്കുന്നത്: വിപിന വാടിക കുയിലുതേടി, വിപഞ്ചികയോ മണിവിരലുതേടി, പുരുഷകാമനയെന്നും സ്ത്രീയിൽ ഇവിടെ ജനിമൃതിപൂക്കും വഴിയിൽ ഇണയെത്തേടി....'' കൊള്ളാം. വരികൾക്ക് പൂർണതയുണ്ട്; അർഥവും. വീട്ടിൽവെച്ചുതന്നെ ഗാനത്തിൻെറ പല്ലവി ചിട്ടപ്പെടുത്തി, ജോൺസൻ.

സിനിമയ്ക്കുവേണ്ടി താനൊരുക്കിയ ആദ്യത്തെ ഈണം ആരു പാടണമെന്ന കാര്യത്തിൽ തെല്ലും സംശയമുണ്ടായിരുന്നില്ല ജോൺസന്– ജയചന്ദ്രൻതന്നെ. തൃശ്ശൂരിൽ ഗാനമേളാ ട്രൂപ്പുമായി നടന്ന ജോൺസൺ സിനിമയിൽ എത്തിപ്പെടാൻ നിമിത്തമാകുന്നത് ജയചന്ദ്രനാണ്. ജയചന്ദ്രൻവഴിയാണ് ജോൺസൺ ദേവരാജൻ മാസ്റ്ററെ പരിചയപ്പെടുന്നത്. ജീവിതത്തിൻെറ ദിശതന്നെ മാറ്റിമറിച്ച സംഭവം.



ജയചന്ദ്രൻ

സിൽക്ക് സ്മിത



''ആദ്യത്തെ പാട്ട് ശ്രദ്ധിക്കപ്പെട്ടില്ലെന്നതാണു സത്യം. അത് കേട്ടിട്ടുള്ളവർ തന്നെ ചുരുങ്ങും. പടത്തിൻെറ റെക്കോഡ് പുറത്തിറങ്ങാത്തതാണ് കാരണം''. ജോൺസൺ ചിരിക്കുന്നു.

ഇതേ പാട്ടിൻെറ വരികളുമായി ആദ്യം ദേവരാജൻ മാസ്റ്ററെ കാണാൻ ചെന്ന അനുഭവം ഗാനരചയിതാവ് ആർ.കെ. ദാമോദരനുണ്ട്. ആൻറണി ഈസ്റ്റ്മാനും കലൂർ ഡെന്നിസുമുണ്ടായിരുന്നു ഒപ്പം. മാസ്റ്റർക്ക് അന്ന് ശ്വാസംവിടാൻ പോലും സമയമില്ല. പെട്ടെന്ന് കമ്പോസ്ചെയ്തുകിട്ടിയാൽ കൊള്ളാമെന്ന് വിനയപൂർവം അറിയിച്ചപ്പോൾ മാസ്റ്റർ പറഞ്ഞു: ''ഒക്കത്തില്ല, രണ്ടോ മൂന്നോ മാസം കഴിഞ്ഞു മതിയെങ്കിൽ ചെയ്തുതരാം.

മുഖത്തടിച്ചപോലെയാണ് മറുപടി. ഞങ്ങളുടെ ഭാവപ്പകർച്ച കണ്ട് മനമലിഞ്ഞാവണം, മാസ്റ്റർ ഒരു പോംവഴിയും പറഞ്ഞുതന്നു. ''എൻെറ ഒരു ശിഷ്യനുണ്ട് ജോൺസൺ. തിടുക്കമാണെങ്കിൽ അവനെ ചെന്നു കാണ്. വലിയ കുഴപ്പമില്ലാതെ ചെയ്യും. അങ്ങനെയാണ് ജോൺസൺ 'ഇണയെത്തേടി'യിൽ വരുന്നത്.

'ഇണയെത്തേടി' കഴിഞ്ഞ് പാർവതി. ആരവത്തിൻെറയും തകരയുടെയും നാളുകളിൽ ഭരതനുമായി ഉണ്ടായ ഹൃദയബന്ധമാണ് 'പാർവതി'യിൽ ജോൺസനെ കൊണ്ടുചെന്നെത്തിക്കുന്നത്. 'പാർവതി'യിലെ ഗാനങ്ങൾ അത്ര വലിയ ഹിറ്റായിരുന്നില്ല. എങ്കിലും സംഗീത സംവിധാനരംഗത്ത് ഉറച്ചുനിൽക്കാൻ കഴിയുമെന്ന് ജോൺസന് ആത്മവിശ്വാസം നല്കിയ ചിത്രമായിരുന്നു അത്.

'പ്രേമഗീതങ്ങളി'ൽ യേശുദാസ് ജോൺസനുവേണ്ടി ആദ്യമായി പാടുന്നു. ''എൻെറ സിനിമാ ജീവിതത്തിലെ ആദ്യത്തെ ഹിറ്റ് എന്നുവേണമെങ്കിൽ പ്രേമഗീതങ്ങളെ വിശേഷിപ്പിക്കാം. ജാനകിയും സുശീലയും വാണിജയറാമും ഉണ്ടായിരുന്നു ഗായകരായി. ഓരോരുത്തർക്കും അനുയോജ്യമായ ഈണങ്ങളാണ് ഞാൻ നൽകിയത്'' പാട്ടുകൾ നാലും ഹിറ്റായി– സ്വപ്നം വെറുമൊരു സ്വപ്നം (യേശുദാസ്, ജാനകി), നീ നിറയൂ ജീവനിൽ (യേശുദാസ്), മുത്തും മുടിപ്പൊന്നും (യേശുദാസ്, വാണി ജയറാം), കളകളമൊഴി (ജെ.എം. രാജു, സുശീല).

സ്വപ്നം എന്ന ഗാനത്തിൻെറ ആശയം സംവിധായകൻ ബാലചന്ദ്രമേനോൻെറതായിരുന്നുവെന്ന് ജോൺസൺ ഓർക്കുന്നു. ''സ്വപ്നം എന്ന ഒരൊറ്റവാക്കിൽ നിന്ന് പല്ലവി ഉണ്ടാക്കാമോ എന്നായിരുന്നു മേനോൻെറ ചോദ്യം. അതൊരു വെല്ലുവിളിയായിത്തന്നെ ഞാനും ഗാനരചയിതാവ് ദേവദാസും ഏറ്റെടുത്തു. 'സ്വപ്നം വെറുമൊരു സ്വപ്നം, സ്വപ്നം, സ്വപ്നം, സ്വപ്നം' എന്ന പാട്ടുണ്ടാക്കുന്നത് അങ്ങനെയാണ്. ഇതേ ചിത്രത്തിലെ 'മുത്തുംമുടിപ്പൊന്നും' എന്ന ഗാനത്തിൽ വെസ്റ്റേൺ നോട്ട്സ് പരീക്ഷിച്ചത് മറ്റൊരു മറക്കാനാവാത്ത അനുഭവം. അന്നത് ഒരു അപൂർവതയായിരുന്നു.

## കവിതയും ഗാനവും

സിനിമാ ജീവിതത്തിൻെറ ആരംഭഘട്ടത്തിൽ തന്നെ ഭാസ്കരനെയും ഒ.എൻ.വിയെയും പോലുള്ള പ്രതിഭാധനരായ കവികളുമായി സഹകരിക്കാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായി ജോൺസൺ കരുതുന്നു. ഒ.എൻ.വിയുമായി ആദ്യം ഒരുമിക്കുന്നത് 'കിലുകിലുക്ക'ത്തിലാണ്. നാമജപത്തിൻെറ പ്രത്യേകമൂഡിൽ സൃഷ്ടിച്ച ''മന്ദ്രമധുരമൃദംഗഭംഗരവം'' ഈ ചിത്രത്തിലായിരുന്നു. ''ഭാസ്കരൻ മാസ്റ്ററുടെത് അത്യന്തം ലളിതമായ നാടൻ ശീലുകളാണെങ്കിൽ ഒ.എൻ.വിയുടെത് ലളിതവും ഒപ്പം ഗഹനവുമാണെന്ന വ്യത്യാസമുണ്ട്. ഈണത്തിനനുസരിച്ച് കാവ്യഭംഗി ചോർ ▶

ന്നുപോകാതെ എഴുതാനുള്ള അസാമാന്യപാടവവും ഒ.എൻ.വിക്കുണ്ട്.''

'കൂടെവിടെ' മറക്കാനാവില്ല. ഈണത്തിനൊത്ത് പാട്ടെഴുതേണ്ടി വരുമെന്നറിഞ്ഞപ്പോൾ പ്രതീക്ഷിച്ച പോലെ ഒ.എൻ.വിയുടെ മുഖമല്പം മങ്ങി. ''എന്നെക്കൊണ്ട് എന്തിനാണീ കടുംകൈ ചെയ്യിക്കുന്നത്.? ചെരിപ്പിനൊത്ത് കാലുമുറിക്കുന്ന വിദ്യയിൽ എനിക്ക് താത്പര്യമില്ലെന്ന് ജോൺസന് അറിഞ്ഞുകൂടേ''? കവി ചോദിച്ചു.

''പക്ഷേ, ഈണത്തിനൊത്ത് അതിമനോഹരമായി എഴുതാൻ ഒ.എൻ.വിക്ക് കഴിയുമെന്ന് എനിക്ക് പൂർണ വിശ്വാസമുണ്ടെന്നായിരുന്നു. അദ്ദേഹം അനുവദിച്ചുതന്നിരുന്ന സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടുതന്നെ, ഞാൻ സ്നേഹപൂർവം നിർബന്ധിച്ചുനോക്കി.'' ട്യൂൺ പാടിക്കേട്ടശേഷം ഒടുവിൽ മനസ്സില്ലാ മനസ്സോടെ ചെന്നൈ വുഡ്‌ലാൻഡ്സ് ഹോട്ടലിലെ തന്റെ മുറിയിൽ കയറി വാതിലടച്ചു ഒ.എൻ.വി.

പതിനഞ്ചു മിനുട്ടിനകം കവി പുറത്തുവന്നത് ഗാനത്തിന്റെ വരികളുമായാണ്. ''ആദ്യവരി വായിച്ചപ്പോൾ തന്നെ എനിക്ക് ബോധ്യമായിരുന്നു പാട്ട് ഹിറ്റാകുമെന്ന്. 'ആടിവാ കാറ്റേ പാടി വാ കാറ്റേ ആയിരംപൂക്കൾ നുള്ളിവാ...' കഥാസന്ദർഭത്തിന്റെ ആശയം മുഴുവൻ കൃത്യമായി വരച്ചുവെച്ചിട്ടുണ്ട് ഒ.എൻ.വി.'' പിന്നീട് അതേ ചിത്രത്തിനുവേണ്ടി മറ്റൊരു മറക്കാനാവാത്ത ഗാനം കൂടി ജോൺസന്റെ ട്യൂണിനൊത്ത് അദ്ദേഹം എഴുതി: 'പൊന്നുരുകും പൂക്കാലം.'

**അഭിനയിച്ച സിനിമകളിലെ ഏറ്റവും പ്രിയപ്പെട്ട ഗാനമേതെന്നു ചോദിച്ചപ്പോൾ മോഹൻലാൽ 'കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി' എടുത്തുപറഞ്ഞതായി എങ്ങോ വായിച്ചു. സന്തോഷം തോന്നി.**

'പൊൻമുട്ടയിടുന്ന താറാവി'ലെ കുന്നിമണിച്ചെപ്പുതുറന്ന് ആദ്യമെഴുതി ഈണമിട്ട ഗാനമാണ്. ഒട്ടും പ്രകടനാത്മകമല്ലാത്ത, നിശ്ശബ്ദമായ പ്രണയത്തിന്റെ ഭാവം ഉൾക്കൊള്ളുന്ന ഒരു ഗാനം സിനിമയിലെ സിറ്റ്വേഷന് അനുയോജ്യമാകുമെന്ന് സംവിധായകൻ സത്യൻ അന്തിക്കാടിന് തോന്നി. നാടൻ ശീലുപോലെ ലാളിത്യമാർന്ന ഒരുഗാനം ഒ.എൻ.വി. എഴുതിക്കൊടുക്കുകയും ചെയ്തു. എന്നാൽ വരികൾ വായിച്ചുനോക്കിയപ്പോൾ സത്യന് ഒരു സംശയം: ''ഇത് അങ്ങേയറ്റം ലളിതമായോ? ഇന്നത്തെ കാലത്ത് സ്വീകരിക്കപ്പെടുമോ?''

എന്തുകൊണ്ടില്ല എന്നായിരുന്നു ജോൺസന്റെ മറുചോദ്യം. ''ആദ്യം ഇതൊന്നു ട്യൂൺ ചെയ്തുനോക്കട്ടെ.'' വുഡ്‌ലാൻഡ്സ് ഹോട്ടലിലെ സത്യന്റെ മുറിയിലിരുന്നാണ് കമ്പോസിങ്. ''സത്യൻ കുളിക്കാൻ കയറിയ സമയം. വരികൾ വായിച്ചു നോക്കിയശേഷം ഞാൻ ഹാർമോണിയത്തിൽ ഒരുനോട്ട് വായിക്കുന്നു. ആദ്യവരി വെറുതെ മൂളുകളും ചെയ്തു. ഒപ്പം''– ജോൺസൺ ഓർക്കുന്നു.

ടവ്വൽ മാത്രമുടുത്ത് കുളിമുറി വാതിൽ തുറന്ന് ഓടിവരുന്ന സത്യനെയാണ് പിന്നെകണ്ടത്. ''ഒന്നുകൂടി ആ വരി പാടിക്കേൾക്കട്ടെ.'' സത്യൻ പറഞ്ഞു. ഞാൻ അതേ നോട്ട് ആവർത്തിച്ചപ്പോൾ സത്യന്റെ മുഖത്ത് ആഹ്ലാദത്തിരയിളക്കം. ''തുടക്കം ഇതുതന്നെ മതി. മറ്റുവരികൾ കൂടി ഉടൻ റെഡിയാക്കണം.'' കുന്നിമണിച്ചെപ്പ് തുറന്ന് മെലഡിയുടെ അനസ്യൂതമായ പ്രവാഹമായിരുന്നു പിന്നെ.

ട്യൂണിട്ടും അല്ലാതെയും ജോൺസനുവേണ്ടി ഒ.എൻ.വി എഴുതിയ എത്രയോ ഗാനങ്ങളിൽ ലാളിത്യത്തിന്റെ ഈ മാജിക് നാം അനുഭവിച്ചിട്ടുണ്ട്. മെല്ലെ മെല്ലെ മുഖപടം, പൂവേണം പൂപ്പടവേണം (മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം), ആകാശമാകെ (നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ), പൊന്നമ്പിളി (ഗോളാന്തരവാർത്ത) തുടങ്ങി ഗുൽമോഹറിലെ ''ഒരു നാൾ'' എന്ന ഗാനത്തിൽ എത്തിനിൽക്കുന്നു അത്.

**മോഹം മുഖപടമണിഞ്ഞു... (ആരും അന്യരല്ല), ഒരു നിമിഷം തരൂ നിന്നിലലിയാൻ... (സിന്ദൂരം), കണ്ണോടു കണ്ണായ സ്വപ്നങ്ങൾ... (കളിയിൽ അൽപം കാര്യം), പൂവെയിൽ മയങ്ങും പൊന്നുഷസ്സിൻ മടിയിൽ... (സരിത), മനസ്സേ നിന്റെ മണിനൂപുരങ്ങൾ... (വെറുതെ ഒരു പിണക്കം) എന്നീ പ്രശസ്ത ഗാനങ്ങൾ രചിച്ചത് സത്യൻ അന്തിക്കാടാണ്.**



ഈണത്തിനൊത്ത് എഴുതാൻ മടിയുള്ള കൂട്ടത്തിലാണ് കാവാലം നാരായണപ്പണിക്കരും. കാവാലത്തിന്റെ മനസ്സിലെ താളം ചലച്ചിത്രഗാനത്തിൽ ആവിഷ്കരിക്കുക എളുപ്പമല്ല. 'കാറ്റത്തെ കിളിക്കൂടി'ൽ ട്യൂണിനനുസരിച്ച് പാട്ടെഴുതേണ്ടിവരുമെന്നറിഞ്ഞപ്പോൾ ഒഴിഞ്ഞുമാറാനാണ് അദ്ദേഹം ആദ്യം ശ്രമിച്ചതെന്ന് ജോൺസൺ പറയുന്നു. ''പക്ഷേ, സംവിധായകൻ ഭരതൻ സ്നേഹപൂർവം കവിയെ ഭീഷണിപ്പെടുത്തി. എഴുതിയില്ലെങ്കിൽ തന്റെ കഥ കഴിച്ചുകളയും എന്നൊക്കെ തമാശയായി ഭരതൻ പറഞ്ഞപ്പോൾ കുറിച്ചുതന്നതാണ്. 'ഗോപികേ നിൻ വിരൽ തുമ്പുരുമ്മി' എന്ന ഗാനം പാർഥസാരഥിയുടെ വീണാനാദം മാത്രമേ ആ ഗാനത്തിന്റെ പശ്ചാത്തലത്തിൽ ഉപയോഗിച്ചിട്ടുള്ളൂ. കാവാലത്തിന്റെ വ്യത്യസ്തമായ ഒരു രചനയാണത്– എനിക്കേറ്റവും പ്രിയപ്പെട്ട സ്വന്തം ഗാനങ്ങളിലൊന്നും'' ജോൺസന്റെ വാക്കുകളിൽ ഗൃഹാതുരത്വം വന്നുനിറയുന്നു.

## കൈതപ്രം-ജോൺസൺ

കൈതപ്രവുമായി ആദ്യം കൂട്ടുകൂടുന്നത് 'വരവേല്പ്'ലാണ്– 1989–ൽ. പലതുകൊണ്ടും ചരിത്രപ്രാധാന്യമുള്ള ഒരു ഒത്തുചേരൽ. വയലാർ–ദേവരാജൻ, ഭാസ്കരൻ–ബാബുരാജ്, ശ്രീകുമാരൻ തമ്പി–ദക്ഷിണാമൂർത്തി, ഒ.എൻ.വി–എം.ബി. ശ്രീനിവാസൻ കൂട്ടുകെട്ടുകളെപ്പോലെ സാധാരണക്കാരനായ മലയാളിയുടെ സംഗീതമനസ്സിൽ ഇടംനേടിയ സഖ്യമായിരുന്നു കൈതപ്രം–ജോൺസണും. ''ഒരുവർഷം ഇരുപതിലേറെ പടങ്ങൾവരെ ചെയ്തിട്ടുണ്ട് ഞങ്ങൾ. അതൊരു റെക്കോർഡ് ആയിരിക്കണം. അതിനേക്കാളൊക്കെ പ്രധാനം ഞങ്ങൾ ചെയ്ത ഗാനങ്ങളിൽ ഭൂരിഭാഗവും ജനങ്ങൾ ഹൃദയപൂർവം സ്വീകരിച്ചു എന്നതാണ്.''

'എന്നെന്നും കണ്ണേട്ടനി'ലെ ഗാനങ്ങൾ (പൂവട്ടക തട്ടിച്ചിന്നി, ദേവദുന്ദുഭിസാന്ദ്രലയം) കേട്ട് ഇഷ്ടപ്പെട്ടാണ് കൈതപ്രത്തെ 'വരവേല്പിൽ' പാട്ടെഴുതാൻ സത്യൻ അന്തിക്കാട് ക്ഷണിക്കുന്നത്. പുതിയൊരാളാണ് എഴുതുന്നതെന്ന് സത്യൻ ഫോണിൽ വിളിച്ചു പറഞ്ഞപ്പോൾ ജോൺസൺ പറഞ്ഞു: ''അതിനെന്ത്? തനിക്ക് വിശ്വാസമുള്ളയാളെ എനിക്കും പൂർണവിശ്വാസമാണ്.''

ട്യൂൺ കേട്ട് നിമിഷങ്ങൾക്കകം കൈതപ്രം ആദ്യത്തെ പാട്ടെഴുതി– ''ദൂരെ ദൂരെ സാഗരം'' വരികളിലൂടെ കണ്ണോടിച്ചപ്പോൾ മുൻപിലിരിക്കുന്ന ഗാനരചയിതാവിന്റെ മുഖത്തേക്ക് അത്ഭുതത്തോടെ നോക്കാതിരിക്കാനായില്ല ജോൺസണ്. ''ആശയസമ്പുഷ്ടമായിരുന്നു വരികൾ. ചരണമാണ് എനിക്ക് ഏറെ ഇഷ്ടപ്പെട്ടത്– 'മഴനീർത്തുള്ളിയെ മുത്തായി മാറ്റും നൻമണിച്ചിപ്പിയെപോലെ, നറുനെയ് വിളക്കിനെ താരകമാക്കും സാമഗാനങ്ങളെപോലെ...'' ഇന്നും ആ പാട്ട് കേൾക്കുമ്പോൾ ജീവിതത്തിലെ സുന്ദരമായ ഒരു കാലഘട്ടം ഓർമവരും.

''ദൂരെ ദൂരെ സാഗരം'' സിനിമയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തെല്ലൊരു ആശങ്കയുണ്ടായിരുന്നു സത്യന്. പടത്തിന്റെ അവസാനഘട്ടത്തിൽ വരുന്ന പാട്ടാണ്. വലിഞ്ഞുപോകുമോ എന്നായിരുന്നു സത്യന്റെ ഭയം. ആരോ പറഞ്ഞു പേടിപ്പിച്ചതാവണം. എന്നോട് അഭിപ്രായം ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ''സംശയം വേണ്ട. ഇഴച്ചിലൊന്നും ഉണ്ടാവില്ല. താൻ ധൈര്യമായി പാട്ട് ഉൾപ്പെടുത്ത്. പാളിപ്പോയാൽ നഷ്ടപരിഹാരം ഞാൻ തരാം.''

ഏതായാലും പാട്ട് സിനിമയിൽ ഇടംനേടി; സൂ

പ്പർഹിറ്റാകുകയും ചെയ്തു.

'കിരീട'ത്തിലെ 'കണ്ണീർപ്പൂവിന്റെ കവിളിൽത ലോടി' എന്ന ഗാനത്തിന്റെ പിറവിക്കുപിന്നിലുമുണ്ട് വിധിയുടെ വിളയാട്ടം. ''സത്യത്തിൽ മറ്റൊരു സിറ്റ്വേഷനുവേണ്ടി ഞാൻ ഉണ്ടാക്കിയ ഈണമാണത്– ഇന്നു കേൾക്കുന്ന മട്ടിലല്ല; അതിലും ഫാസ്റ്റായി ഫോക്ക് ശൈലിയിൽ. പക്ഷേ, ഈണം ഞാൻ മൂളി കേൾപ്പിച്ചപ്പോൾ ലോഹി പ്ലാൻ മാറ്റി. ''ഇതേ ട്യൂൺ വേഗതകുറച്ച് മെലോഡിയസ് ആയി ഒന്ന് പാടി കേൾക്കട്ടെ'' എന്നായി അദ്ദേഹം.

''ആ നിർദേശം എനിക്കത്ര രുചിച്ചില്ലെന്നതാണു സത്യം.'' ജോൺസൺ ചിരിക്കുന്നു. എങ്കിലും മനസ്സില്ലാമനസ്സോടെ ഈണം മന്ദഗതിയിൽ ലോഹിയെ പാടിക്കേൾപ്പിക്കുന്നു, അദ്ദേഹം. ''കഴിയുന്നത്ര ഫീൽ കൊടുക്കാതെയാണ് പാടിയത്. അതെങ്ങാനും അവർ ഇഷ്ടപ്പെട്ടുപോയാലോ?''

പക്ഷേ, പുതിയ ഈണം കേട്ടയുടൻ ലോഹിതദാസ് വിധിയെഴുതിക്കഴിഞ്ഞിരുന്നു: നമ്മുടെ പടത്തിലെ സേതുമാധവന്റെ പാട്ടാണിത്. ഇതുമതി.

അപ്പോഴും ഈണം സിറ്റ്വേഷന് ഉചിതമായിരിക്കുമോ എന്ന് ജോൺസണ് സംശയമായിരുന്നു. കൈതപ്രം വന്നു പാട്ടെഴുതിക്കഴിഞ്ഞ ശേഷമാണ് ആശങ്കയ്ക്ക് തെല്ലൊരു ശമനമുണ്ടായത്. ''ഉണ്ണിക്കിടാവിന് നൽകാൻ അമ്മ നെഞ്ചിൽ പാലാഴിയേന്തി...'' ഹൃദയസ്പർശിയായിരുന്നു ആ വരികൾ.

പടത്തിന്റെ പ്രിവ്യൂവിലാണ് 'കണ്ണീർപ്പൂവിന്റെ...' ആദ്യമായി ജോൺസൺ സിനിമയിൽ ചിത്രീകരിച്ചു കാണുന്നത്. മോഹൻലാൽ അവതരിപ്പിച്ച കഥാപാത്രത്തിന്റെ ആത്മസംഘർഷം എത്ര തീവ്രമായാണ് ആ ഗാനം കമ്യൂണിക്കേറ്റ് ചെയ്യുന്നതെന്ന് മനസ്സിലായത് അപ്പോഴാണ്.

അഭിനയിച്ച സിനിമകളിലെ ഏറ്റവും പ്രിയപ്പെട്ട ഗാനമേതെന്നു ചോദിച്ചപ്പോൾ മോഹൻലാൽ ''കണ്ണീർപ്പൂവിന്റെ കവിളിൽ തലോടി'' എടുത്തുപറഞ്ഞതായി എങ്ങോ വായിച്ചു. സന്തോഷം തോന്നി. ഒരു ഗാനസ്രഷ്ടാവ് ഏറ്റവുമധികം ചാരിതാർത്ഥ്യം അനുഭവിക്കുന്ന നിമിഷങ്ങൾ ഇതൊക്കെയല്ലേ.

'ഞാൻ ഗന്ധർവനി'ലെ ഗാനങ്ങൾ ഹോട്ടൽ പാംഗ്രോവിൽ ഇരുന്നാണ് ചിട്ടപ്പെടുത്തിയത്. ഒപ്പം സംവിധായകൻ പത്മരാജനുമുണ്ട്. ഹിന്ദുസ്ഥാനി ഫീൽ ഉള്ള ഗാനങ്ങളാണ് വേണ്ടതെന്ന് പപ്പേട്ടൻ സൂചിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു ''അയ്യോ അതിന് ഞാൻ ഹിന്ദുസ്ഥാനി പഠിച്ചിട്ടില്ലല്ലോ.'' സൗമ്യമായി ചിരിച്ചുകൊണ്ടായിരുന്നു പപ്പേട്ടന്റെ മറുചോദ്യം. ''നീ കർണാട്ടിക്കും പഠിച്ചിട്ടില്ലല്ലോ. പിന്നെന്താ?'' ഞാൻ പൊട്ടിച്ചിരിച്ചുപോയി. 'ദേവാങ്കണങ്ങൾ പെയ്തൊഴിഞ്ഞ താരക'വും 'ദേവി'യും 'പാലപ്പൂവു'മെല്ലാം പിറന്നുവീണത് ആ രാത്രിയുടെ ഏകാന്തനിശ്ശബ്ദതയിലാണ്. ഓരോ പുതിയ ഈണവും പാടിക്കേൾക്കുമ്പോൾ ഭാവദീപ്തമാകുന്ന പത്മരാജന്റെ മുഖം ഇന്നുമുണ്ട് ജോൺസന്റെ ഓർമയിൽ. ''പപ്പേട്ടനും ഭരതനുമൊക്കെ പോയി. നല്ലൊരു പാട്ട് ആസ്വദിക്കുന്നതുപോലും ഒരു കലയാണെന്ന് തെളിയിച്ചവരായിരുന്നു അവരൊക്കെ.''

കൈതപ്രം–ജോൺസൺ ടീമിന്റെ ഗാനങ്ങൾ മനസ്സിലുണർത്തുക 'മധ്യവർത്തി' സിനിമയുടെ സുവർണകാല സ്മരണകൾ കൂടിയാണ്. മഴവിൽക്കാവടി (പള്ളിത്തേരുണ്ടോ, തങ്കത്തോണി, മൈനാകപ്പൊൻമുടിയിൽ), വടക്കുനോക്കിയന്ത്രം (മായാമയൂരം), ചമയം (രാജഹംസമേ), കുടുംബസമേതം (നീലരാവിൽ അന്നുനിന്റെ), ചെങ്കോൽ (മധുരം ജീവാമൃത ബിന്ദു), സല്ലാപം (പൊന്നിൽ കുളിച്ചു നിന്ന, പഞ്ചവർണ പൈങ്കിളിപ്പെണ്ണേ), യാത്രക്കാരുടെ ശ്രദ്ധയ്ക്ക് (ഒന്നുതൊടാൻ)... ചിത്രങ്ങളെക്കുറിച്ച് അവയിലെ ഗാനങ്ങളെ മാറ്റിനിർത്തി ചിന്തിക്കാൻപോലുമാവുമോ നമുക്ക്?


എസ്. ജാനകി

## വെല്ലുവിളികളുടെ കാലം

കുറച്ചുകാലത്തെ മൗനത്തിനുശേഷമാണ് 'ഫോട്ടോഗ്രാഫറി'ലൂടെ കൈതപ്രവുമായി വീണ്ടും ഒരുമിക്കുന്നത്. മറക്കാനാഗ്രഹിക്കുന്ന ഇടവേളയായിരുന്നു അത്. ജീവിതത്തിൽനിന്ന് സംഗീതം എന്നന്നേക്കുമായി അകന്നുപോയി എന്ന് തോന്നിയ ഘട്ടം. ശബ്ദത്തെയും വെളിച്ചത്തെയും ഭയമായിരുന്നു അന്ന്. മനസ്സിനെ ചൊല്പടിക്ക് നിർത്താനാവാതെ കുഴഞ്ഞ നാളുകൾ. ഏകാന്തമൂകമായ ആ കാലത്തിനുശേഷം സിനിമയിൽ തിരിച്ചെത്തിയത് രഞ്ജൻ പ്രമോദിന്റെ പ്രേരണയിലാണ്. 'ഫോട്ടോഗ്രാഫറി'ലെ 'എന്തേ കണ്ണനു കറുപ്പുനിറം' എന്ന ഗാനത്തിലൂടെ മലയാളസിനിമയിലെ തന്റെ പ്രസക്തി ഒരിക്കൽകൂടി തെളിയിച്ചുതരികയായിരുന്നു ജോൺസൺ. ''സിനിമയിൽ തിരിച്ചെത്തി എന്നൊന്നും തോന്നിയിട്ടില്ല. ഞാൻ ഇവിടെയൊക്കെത്തന്നെ ഉണ്ടായിരുന്നല്ലോ. പിന്നെ, സിനിമ എനിക്കൊരിക്കലും ഒരു പ്രലോഭനമായിരുന്നില്ല. പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിനപ്പുറത്തെ ഇരുണ്ട ലോകം കാണാൻ കഴിഞ്ഞതുകൊണ്ടാവാം.''

നൂറുകണക്കിന് പാട്ടുകളും പടങ്ങളും ചെയ്തുവെന്നത് വലിയൊരു കാര്യമായി ഒരിക്കലും തോന്നിയിട്ടില്ലെന്ന് ജോൺസൺ പറയുന്നു. ''ചിലപ്പോൾ തോന്നും ഒന്നും വേണ്ടായിരുന്നുവെന്ന്. നേർവഴിക്കു ചിന്തിക്കുകയും മനസ്സിൽ തോന്നുന്നത് അപ്പപ്പോൾ തുറന്നുപറയുകയും ചെയ്യുന്ന ആർക്കും സിനിമയിലെ അന്തരീക്ഷവുമായി ഇണങ്ങിപ്പോവുക ബുദ്ധിമുട്ടാകും. സർഗപരമായ വെല്ലുവിളികളെക്കാൾ കടുത്തതായിരുന്നു ഇത്തരം വെല്ലുവിളികൾ. എനിക്ക് ഒരിക്കലും ഒത്തുപോകാൻ കഴിയാത്ത പെരുമാറ്റരീതികളും സ്വഭാവ വിശേഷങ്ങളും സഹിക്കേണ്ടിവന്നു. ജോലിയുടെ സമ്മർദങ്ങളും മാനസിക സംഘർഷങ്ങളും വേറെ. പടത്തിന്റെ റീറെക്കോർഡിങ്ങിനു വേണ്ടി തുടർച്ചയായി മൂന്നും നാലും ദിവസങ്ങൾ ഉറക്കമിളയ്ക്കേണ്ടിവന്നിട്ടുണ്ട്. പ്രതിഫലവും താരതമ്യേന കുറവ്. എന്നിട്ടും ഞാൻ മുപ്പതുകൊല്ലക്കാലം സിനിമയിൽ നിലനിന്നുവെങ്കിൽ, അതിനു നന്ദിപറയേണ്ടത് സംഗീതത്തോടാണ്...'' ജോൺസൺ വികാരാധീനനാകുന്നു.

**'ചിലപ്പോൾ തോന്നും ഒന്നും വേണ്ടായിരുന്നുവെന്ന്. നേർവഴിക്കു ചിന്തിക്കുകയും മനസ്സിൽ തോന്നുന്നത് തുറന്നുപറയുകയും ചെയ്യുന്ന ആർക്കും സിനിമയുമായി ഇണങ്ങിപ്പോവുക ബുദ്ധിമുട്ടാകും'.**

''പക്ഷേ, ഒരുകാര്യം ഞാൻ മറക്കുന്നില്ല. സിനിമ എനിക്ക് അപരിചിതരായ എത്രയോ പേരുടെ സ്നേഹം നേടിത്തന്നു. പാലക്കാടിനടുത്ത് അകത്തേത്തറ എന്ന കൊച്ചുഗ്രാമത്തിൽ അടുത്തിടെ എനിക്കൊരു സ്വീകരണം തന്നു. ഉത്സവത്തിനുള്ള ആൾക്കൂട്ടമുണ്ടായിരുന്നു അവിടെ. എന്റെ ഗാനങ്ങൾ മാത്രമാണ് അന്ന് സ്റ്റേജിൽ അവതരിപ്പിക്കപ്പെട്ടത്. ഓരോ ഗാനത്തിനും ലഭിച്ച വരവേല്പ് അഭൂതപൂർവമായിരുന്നു. പരിപാടി മുഴുവൻ തീരുംവരെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ആ സദസ്സ് പാട്ടിൽ ലയിച്ചിരുന്നു എന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. സംഗീത സംവിധായകനെന്ന നിലയിൽ ആത്മസംതൃപ്തി തോന്നിയ നിമിഷങ്ങളായിരുന്നു അവ... ''

നനവാർന്ന കണ്ണുകളിൽ ഒരു പുഞ്ചിരി തെളിയുന്നുവോ? ■